# ഇന്ത്യയുടെ വനമനുഷ്യൻ

● ശാലിനി വി. എസ്

**മരുഭൂമിയായിരുന്ന ഒരു പ്രദേശത്തെ അതിസുന്ദരമായ വനഭൂമിയാക്കി മാറ്റിയ അത്ഭുതമനുഷ്യനെ കുറിച്ച് വായിക്കൂ**

ലോകത്തിലെ ഏറ്റവും വലിയ നദീദ്വീപാണ് ആസാമിലെ മജൂലി ദ്വീപ്. 2009-ൽ ജിത്തു കലിത എന്ന ഫോട്ടോഗ്രാഫർ കാണ്ടാമൃഗങ്ങളുടെ ചിത്രങ്ങളെടുക്കാൻ ബ്രഹ്മപുത്രയിലെ മജൂലിയിലെത്തി. വനപ്രദേശത്ത് ചുറ്റി നടക്കുന്നതിനിടയിൽ ജാദവ് എന്നഒരാൾ ഫോട്ടോഗ്രാഫറെ അവിടെ നിന്ന് ആട്ടിപ്പായിക്കാൻ ശ്രമിച്ചു. ജിത്തു കലിതയെ വേട്ടക്കാരനാണെന്ന് തെറ്റിദ്ധരിച്ചതിനാലാണ് ജാദവ് ആദ്യം ആ സാഹസത്തിനു മുതിർന്നത്.

എന്നാൽ തന്റെ മുന്നിലുള്ള വ്യക്തി ഒരു പ്രകൃതി സ്നേഹിയാണെന്നും ചിത്രങ്ങൾ എടുക്കാനാണ് വന്നതെന്നും മനസ്സിലായതോടെ ജാദവ് താനുണ്ടാക്കിയ വനത്തിന്റെ വിശേഷങ്ങൾ പങ്കുവെച്ചു. 1300-ലധികം ഏക്കറിൽ പടർന്നു പന്തലിച്ച കാട് താൻ ഒരു



▸▸ സമുദ്രജലപ്രവാഹങ്ങളുടെയും കാറ്റുകളുടെയും ദിശാവ്യതിയാനങ്ങൾക്ക് കാരണമാകുന്ന ഘടകം – കോറിയോലിസ് പ്രഭാവം

ക്കിയതെങ്ങനെ എന്ന് അദ്ദേഹം വിശദമാക്കി. ഒരു മനുഷ്യൻ ഒറ്റയ്ക്ക് ഒരു കാടിന്റെ നാഥനായ കഥ കേട്ട് കലിത അമ്പരന്നു.

ജാദവിന്റെ നന്മയെക്കുറിച്ച് കലിത എഴുതിയ ലേഖനവും ഹ്രസ്വചിത്രവും ജനശ്രദ്ധ നേടി. തുടർന്ന് ഒട്ടനേകം ആളുകൾ ജാദവിനെ കുറിച്ച് ലേഖനങ്ങളും ഹ്രസ്വചിത്രങ്ങളും തയ്യാറാക്കിയത് അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു. വിനായക് വർമ്മ രചിച്ച 'ജാദവ് ആൻഡ് ദ ട്രീ പ്ലെയ്സ്', സോഫിയ എന്ന എഴുത്തുകാരി 2019-ൽ പ്രസിദ്ധീകരിച്ച 'ദ ബോയ് ഹൂ ഗ്രൂ എ ഫോറസ്റ്റ്: ദ ട്രൂ സ്റ്റോറി ഓഫ് ജാദവ് പയെങ്ങ്' എന്നീ കുട്ടികൾക്കായുള്ള പുസ്തകങ്ങളിൽ ജാദവിന്റെ നേർചിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

## പരിവർത്തനത്തിന്റെ പാതയിൽ

1963-ൽ ആസാമിൽ ജനിച്ച ജാദവ് പയെങ്ങ് മരങ്ങൾ നിറഞ്ഞ മജൂലി ദ്വീപിന്റെ പ്രകൃതിസമ്പത്ത് കണ്ടാണ് വളർന്നത്. എന്നാൽ കാടാ



▸▸ അസം, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ വീശുന്ന ഉഷ്ണക്കാറ്റ്– നോർവെസ്റ്റർ



*ജാദവ്*

ങ്ങിത്തിരിക്കും മുൻപ് ആ യുവാവ് ബ്രഹ്മപുത്ര കടന്ന് ദ്വീപിലേക്ക് പോകും. എല്ലാ ദിവസവും തന്റെ കൈവശമുള്ള തൈകൾ നടും. അത് ജാദവിന്റെ ദിനചര്യയുടെ ഭാഗമായി മാറി. ക്രമേണ അദ്ദേഹം ആ പ്രദേശത്തെ വലിയൊരു വനമാക്കി മാറ്റി. നാൽപ്പതിലേറെ വർഷങ്ങളായി അദ്ദേഹം ഈ പുണ്യകർമ്മം തുടർന്നു കൊണ്ടിരിക്കുന്നു.

യിരുന്ന ദ്വീപ് വ്യാപകമായ മരം വെട്ടൽ മൂലം മരുഭൂമിക്ക് തുല്യമായ അവസ്ഥയിലേക്കു മാറിയത് ജാദവിനെ വിഷമിപ്പിച്ചു. ഇതിനെ തടയാനായി എന്ത് ചെയ്യണം എന്നതിനെ കുറിച്ച് ആ ബാലന് യാതൊരു ധാരണയുമില്ലായിരുന്നു.

മരങ്ങൾ നഷ്ടപ്പെട്ടതോടെ മജൂലി കടുത്ത വരൾച്ചയാണ് നേരിട്ടത്. എന്നാൽ 1979-ൽ അവിടെ വലിയ വെള്ളപ്പൊക്കമുണ്ടായി. തുടർന്നുണ്ടായ വ്യാപകമായ മണ്ണൊലിപ്പിൽ ദ്വീപിന്റെ വിസ്തൃതി ഗണ്യമായി കുറഞ്ഞു. വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ വരൾച്ചയിൽ നൂറുകണക്കിന് പാമ്പുകൾ ചത്തൊടുങ്ങിയത് ആ പതിനാറുകാരനെ വിഷമിപ്പിച്ചു. തുടർന്നാണ് മരത്തൈകൾ നടാൻ തുടങ്ങിയത്.

മണ്ണൊലിപ്പ് തടയാൻ മുളകളാണ് ഏറ്റവും നല്ലതെന്ന് മനസ്സിലാക്കിയ ആ കൗമാരക്കാരൻ മുളയുടെ തൈകൾ ധാരാളമായി വെച്ചുപിടിപ്പിച്ചു. അവ തളിരിട്ടത് അവനിൽ പുതിയ ഊർജ്ജം നിറച്ചു. തുടന്ന് മരത്തൈകൾ കൂടി നട്ടു വളർത്തിയ ജാദവ് ഗോലാഘട്ട് ജില്ലയിലെ സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ തൊഴിലാളിയായി. അഞ്ചു വർഷം കഴിഞ്ഞ് ആ പദ്ധതി അവസാനിപ്പിച്ച് മറ്റു തൊഴിലാളികൾ മടങ്ങിപ്പോയി. എന്നാൽ തന്റെ ദൗത്യം കഴിഞ്ഞിട്ടില്ലെന്ന് തിരിച്ചറിഞ്ഞ ജാദവ് അവിടെയുള്ള തൈകളെ പരിപാലിക്കുന്നതോടൊപ്പം കൂടുതൽ സ്ഥലത്ത് വൃക്ഷത്തൈകൾ നട്ടു വളർത്തിക്കൊണ്ടിരുന്നു.

വൈകാതെ മജൂലിയിലെ വരണ്ട മണ്ണ് ഫലഭൂയിഷ്ഠമായി. അപ്പോഴും തന്റെ ഉപജീവനത്തിനായി ഇറ

## പുതിയ അന്തേവാസികൾ

ജാദവ് നട്ടു വളർത്തിയതിനു പുറമെ സ്വാഭാവികമായി വളർന്ന അനേകം വൃക്ഷക്കൂട്ടങ്ങളാൽ വനമായി മാറിയ ആ പ്രദേശത്ത് ഇപ്പോൾ വന്യമൃഗങ്ങളുണ്ട്. ആദ്യം മാനുകളും മുയലുകളും ഉൾപ്പെടെയുള്ള ചെറിയ ജീവികളും തുടർന്ന് ആനകളും കാണ്ടാമൃഗങ്ങളുമെല്ലാം ഇവിടെ പാർക്കാനെത്തി.

ഒട്ടേറെ കുരങ്ങന്മാരും കഴുകന്മാർ ഉൾപ്പെടെയുള്ള പക്ഷികളും ഇവിടെ രാപ്പാർക്കുന്നുണ്ട്. വംശനാശ ഭീഷണി നേരിടുന്ന നാലോളം



*മുൻ ഇന്ത്യൻ പ്രസിഡന്റ് അബ്ദുൽ കലാമിൽ നിന്ന് അവാർഡ് സ്വീകരിക്കുന്നു*

▸▸ നാണയങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം- ന്യൂമിസ്മാറ്റിക്സ്

ബംഗാൾ കടുവകളും ഇപ്പോൾ ഈ ദ്വീപിലെ അന്തേവാസികളാണ്. എല്ലാ വർഷവും തീറ്റ തേടി നൂറിലേറെ ആനകൾ ഇവിടെ വന്നെത്തുന്നു.

ഇന്ന് മജൂലിയിൽ 1360 ഏക്കറിലേറെ പ്രദേശത്ത് വനം വ്യാപിച്ചിട്ടുണ്ട്. മുളങ്കൂട്ടങ്ങൾ 300 ഏക്കറിലേറെ വ്യാപിച്ചിരിക്കുന്നു. 2008-ലാണ് ഈ കാട് വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നത്. നാട്ടിലിറങ്ങിയ കാട്ടാനകളെ പിന്തുടർന്ന് ഇവിടെയെത്തിയ വനം വകുപ്പുദ്യോഗസ്ഥർ വിശാലമായ വനം കണ്ട് അതിശയിച്ചു.

കാട് വളർന്നതോടെ അത് കട്ടുമുടിക്കാനായി കാട്ടുകള്ളന്മാർ വീണ്ടും വന്നെത്തുന്നുണ്ടെന്നാണ് ജാദവിന്റെ പരിഭവം. 2013-ൽ കാണ്ടാമൃഗത്തെ കൊല്ലാനെത്തിയവരെ കണ്ട ജാദവ് അക്കാര്യം അധികൃതരെ അറിയിച്ചതിനാൽ വേട്ടക്കാരുടെ അതിക്രമത്തെ തടയാനായി. ഈ ദ്വീപ് ഇപ്പോൾ വനംവകുപ്പിന്റെ സംരക്ഷണത്തിലാണ്.




## തേടിയെത്തിയ അംഗീകാരങ്ങൾ

ജാദവ് മൊലായ് പായങ്ങിന്റെ ബഹുമാനാർത്ഥം അദ്ദേഹം നട്ടുപിടിപ്പിച്ച വനത്തിന് ഇന്ത്യൻ സർക്കാർ 'മൊലായ് വനം' എന്ന പുതിയ പേര് നൽകി ആദരിച്ചു. ജനപ്രിയ രാഷ്ട്രപതിയായിരുന്ന എ.പി.ജെ അബ്ദുൾ കലാമാണ് ഇദ്ദേഹത്തെ 'ഇന്ത്യയുടെ വനമനുഷ്യൻ' എന്ന് ആദ്യമായി വിശേഷിപ്പിച്ചത്. 2015-ൽ പത്മശ്രീ നൽകി രാജ്യം ഇദ്ദേഹത്തെ ആദരിച്ചിരുന്നു. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ആസാം അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എന്നിവയും ഇദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

പ്രശസ്തി നേടിയെങ്കിലും ജാദവ് തന്റെ ഭാര്യയും മൂന്നു മക്കളുമൊത്ത് ഒരു കുടിലിൽ സാധാരണ നിലയിലാണ് ജീവിക്കുന്നത്. കന്നുകാലികളെ വളർത്തലും പാൽ വിൽപ്പനയുമാണ് ഉപജീവന മാർഗ്ഗം. ഇദ്ദേഹത്തിന്റെ നിതാന്ത പരിശ്രമത്താൽ 550 ഹെക്ടർ സ്ഥലത്ത് രൂപപ്പെട്ട കാടുകളാൽ സമ്പന്നമായ പ്രദേശത്ത് കഴിയുന്ന ആളുകൾ ഇപ്പോൾ കൊടുംവരൾച്ചയെ പറ്റി മറന്നു പോയിരിക്കുന്നു. അതെ, വനപരിപാലനത്തെ ജീവിത വ്രതമാക്കിയ ഇദ്ദേഹത്തിൽ നിന്ന് നമുക്കേറെ പഠിക്കാനുണ്ട്. ഒരാൾക്ക് ഒറ്റക്ക് ഇത്രയേറെ തരിശു ഭൂമിയിൽ പച്ചപ്പിന്റെ അമ്പരിപ്പിക്കുന്ന ലോകം തീർക്കാമെങ്കിൽ താരതമ്യേന ഫലപുഷ്ടിയുള്ള നമ്മുടെ മണ്ണിലും പലയിടത്തു നിന്നും ശേഖരിച്ച വിത്തുകൾ നനച്ചു വളർത്തി മനോഹരമായ ചെറുകാടുകൾ ആയാസമില്ലാതെ പുനഃസൃഷ്ടിക്കാവുന്നതേയുള്ളൂ. പക്ഷേ അതിന് അവശ്യം വേണ്ടത് ആഗ്രഹവും നിശ്ചയദാർഢ്യവും മാത്രം.

•



▸▸ ശാസനങ്ങളിലും മറ്റുമുള്ള പഴയ എഴുത്തുകളെപ്പറ്റിയുള്ള പഠനം- പാലിയോഗ്രാഫി